**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 83** **08-08-2023 - ൽ മറുപടിയ്ക്ക്**

**വടകര-മാഹി കനാൽ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടകര-മാഹി കനാൽ പദ്ധതിയുടെ മൂന്നാം റീച്ചിലെ പ്രവൃത്തിയുടെ നിലവിലത്തെ സ്ഥിതി അറിയിക്കാമോ; | (എ) | വടകര-മാഹി കനാൽ പദ്ധതിയുടെ മൂന്നാം റീച്ചിലെ പ്രവൃത്തി 50% പൂർത്തിയായിട്ടുണ്ട്. പ്രസ്തുത റീച്ചിലെ 800 മീറ്റർ നീളം വരുന്ന ഉയർന്ന ഭാഗത്തുള്ള മണ്ണ് തീരെ ഉറപ്പില്ലാത്തതായതിനാൽ ഈ ഭാഗത്തെ പാർശ്വസംരക്ഷണം വളരെ സങ്കീർണ്ണതകൾ നിറഞ്ഞതാണ്. ഇതുമായി ബന്ധപ്പെട്ട് 22/12/2022 തീയതിയിൽ കിഫ്ബി എക്സിക്യൂട്ടീവ് ഡയറക്ടർ വിളിച്ചുചേർത്ത ഉന്നതതല യോഗത്തിൽ നിലവിൽ തയ്യാറാക്കിയിരുന്ന ഡിസൈൻ പുതുക്കുന്നതിനും പകരമായി മറ്റ് സാങ്കേതിക വിദ്യകൾ ഉപയോഗിച്ചുള്ള സംരക്ഷണ പ്രവൃത്തിയുടെ സാധ്യതകൾ പഠിക്കുന്നതിനുമായി തീരുമാനമെടുത്തിട്ടുണ്ട്. ഇതിനായി LBS Institute of Technology for Woman തിരുവനന്തപുരം, കേരള വാട്ടർവേയ്സ് & ഇൻഫ്രാസ്ട്രക്ചേഴ്സ് ലി. (KWIL)-ന്റെ നേതൃത്വത്തിൽ നടപ്പാക്കുന്ന കനാൽസിറ്റി പ്രോജക്ടിന്റെ കൺസൽട്ടന്റായ ലീ അസോസിയേറ്റ്സ് എന്നിവരുമായി ബന്ധപ്പെട്ടിട്ടുണ്ട്. അത് കൂടി പരിശോധിച്ച് പാർശ്വസംരക്ഷണ പ്രവൃത്തി നടപ്പാക്കുന്നതിൽ യുക്തമായ തീരുമാനമെടുത്ത് മുന്നോട്ട് പോകാൻ കഴിയും. ഈ റീച്ചിൽ കനാലിന്റെ മറ്റുഭാഗങ്ങളിൽ നിന്നും കുഴിച്ചെടുക്കുന്ന ഗുണനിലവാരം തീരെ കുറഞ്ഞ മണ്ണ് നിക്ഷേപിക്കുന്നതിന് ജില്ലാകളക്ടറുടെ ഇടപെടൽ ഉണ്ടായിട്ടും പര്യാപ്തമായ സ്ഥലം ലഭിക്കാത്ത സാഹചര്യവും നിലവിലുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തിയുടെ സാങ്കേതിക റിപ്പോർട്ട് ഏത് ഏജൻസിയാണ് തയ്യാറാക്കുന്നതെന്നും ഏത് ഏജൻസിയാണ് അംഗീകരിക്കുന്നതെന്നും ഈ പ്രവൃത്തിക്ക് എന്നാണ് സാങ്കേതിക അനുമതി നൽകാൻ ഉദ്ദേശിക്കുന്നതെന്നതെന്നും വ്യക്തമാക്കാമോ ; | (ബി) | പ്രവൃത്തി നടപ്പാക്കേണ്ട ഏജൻസിയെ തിരഞ്ഞെടുക്കുന്നതിനായി വിവിധ ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| (സി) | 2025 വർഷത്തോടെ പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് | (സി) | പാർശ്വസംരക്ഷണ പ്രവൃത്തികൾ |

| | | | |
|---|---|---|---|
| | വടകര-മാഹി കനാലിലൂടെ ജലഗതാഗതം സാധ്യമാകുന്ന തരത്തിൽ പ്രവൃത്തികൾ ക്രമീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | | തീരുമാനിക്കുന്നതിനുവേണ്ടിയുള്ള പരിശോധന പ്രവൃത്തികൾ നടപ്പാക്കുന്നതിന് ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചു വരികയാണ്. 2025 വർഷത്തോടെ ഈ പദ്ധതി നടപ്പാക്കണമെന്ന ലക്ഷ്യത്തോട്ടു കൂടിയുള്ള പ്രവർത്തനങ്ങളാണ് ദ്രുതഗതിയിൽ നടത്തിവരുന്നത്. |

സെക്ഷൻ ഓഫീസർ